<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>നടുവട്ടം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന്റെ കെട്ടിടം നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച തുകയിൽ മാറാക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണം കൂടി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് എഫ്2/71/2024/റവന്യൂ നമ്പർ ഫയൽ പ്രകാരം മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൻമേൽ മലപ്പുറം ജില്ലാ കലക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത വിഷയത്തിൻമേൽ മലപ്പുറം ജില്ലാ കലക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ നടുവട്ടം വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച തുകയിൽ മാറാക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മാണം കൂടി ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ 08.10.2024 ലെ LR/1380/2024-LR(M2) നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ